LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെൽട്രോണിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി, ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി. തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടിരൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിനെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദന സംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ധനസഹായം ഗ്രാന്റായി മാറ്റുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്.

(ബി) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുനൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ടെക്നോപാർക്കിലെ പുതിയ കമ്പനികൾ

159(2197) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിലെ ഐ.റ്റി. കെട്ടിടങ്ങളിൽ സ്ഥലം ഉപയോഗിക്കാതെ കിടപ്പുണ്ടോ;

(ബി) എങ്കിൽ എത്ര ചതുരശ്ര അടി സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ കമ്പനികൾ വരുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് ഘട്ടം - III-ൽ ഏകദേശം 5.07 ലക്ഷം ച.അടി. സ്ഥലത്തിൽ 34000 ച.അടി സ്ഥലം ഒഴിഞ്ഞുകിടപ്പുണ്ട്. ഇവിടെ സ്ഥലത്തിനായി ഏകദേശം 193 ഐ.ടി. കമ്പനികളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രത്യേക സാമ്പത്തിക മേഖലയിൽ കമ്പനികൾക്കുള്ള നേട്ടങ്ങൾ കുറഞ്ഞതും കമ്പനികൾക്ക് ആവശ്യമായ കുറഞ്ഞ വിസ്തൃതിയിലുള്ള ഐ.ടി. സ്ഥലത്തിന്റെ അഭാവവുമാണ് പുതിയ കമ്പനികൾ വരുന്നതിനുള്ള തടസ്സം.

എമർജിംഗ് കേരള

160(2198) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ എത്ര പദ്ധതികൾക്കാണ് എം.ഒ.യു. ഒപ്പ് വച്ചിരുന്നത്; വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പദ്ധതികളിൽ നിക്ഷേപം നടത്തി;

(സി) നിക്ഷേപം നടത്തിയ കമ്പനികളുടെ പേരും നിക്ഷേപിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചു.

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL - between BPCL and Government of Kerala.
2. To implement Advanced Diploma course in Automotive Mechatronics (ADAM) Course at Government Engineering College, Barton Hill, Trivandrum- between Mercedez Benze and Higher Education Department Government of Kerala.

മുകളിൽപ്പറഞ്ഞ പദ്ധതികളിൽ 12000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടിവ് മെക്കാട്രോണിക്സിന്റെ ആദ്യ ബാച്ചിന്റെ പരിശീലന പദ്ധതിയും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly